"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

DGE/13686/2025-sports1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : **28-07-2025**

## സർക്കുലർ

വിഷയം:-പൊതുവിദ്യാഭ്യാസം-സ്പോർട്സ്- സ്പോർട്സ് & ഗെയിംസ് -2025-26 വർഷത്തെ - **Athletic Fund** തുക ശേഖരിക്കുന്നത് - നിർദേശങ്ങൾ - സംബന്ധിച്ച്

സൂചന :- സർക്കാർ ഉത്തരവ് നം **6910/2023/GEDN** തീയതി **07.11.2023**

സ്കൂൾ തലം മുതൽ ദേശീയതലം വരെയുള്ള സ്കൂൾ കുട്ടികളുടെ കായിക മത്സരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്നത് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളിൽ നിന്നും സ്പെഷ്യൽ ഫീ ഇനത്തിൽ ശേഖരിക്കുന്ന ഫണ്ട് ഉപയോഗിച്ചാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതിനാൽ 5 മുതൽ 8 വരെ ക്ലാസുകളിലെ കുട്ടികളെ ഒഴിവാക്കിയാണ് **Athletic Fund** ശേഖരിക്കേണ്ടത്.

**2025 – 26** അദ്ധ്യയന വർഷത്തെ വിവിധ തലങ്ങളിലുള്ള കായിക മത്സരങ്ങൾ യഥാസമയം ആരംഭിക്കുന്നതിനായി ആവശ്യമായ **Athletic Fund** സമയബന്ധിതമായി കുട്ടികളിൽ നിന്നും ശേഖരിക്കേണ്ടതുണ്ട്. ആയതിനാൽ **9, 10** ക്ലാസുകളിലെ കുട്ടികളിൽ **(SC/ST** കുട്ടികൾ ഒഴികെ) നിന്നും **15/- രൂപ** ക്രമത്തിൽ ഫണ്ട് സ്വരൂപിക്കേണ്ടതാണ്. കൂടാതെ ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ഓരോ കുട്ടിയിൽ നിന്നും കായിക പ്രവർത്തനങ്ങൾ നടത്തുന്നതിനു മാത്രം സ്പെഷ്യൽ ഫീ ഇനത്തിൽ **75/-** രൂപ ക്രമത്തിൽ അഡ്മിഷൻ സമയത്തും, സ്കൂൾ തുറക്കുന്ന സമയത്തുമായി സ്വരൂപിക്കുന്നുണ്ട്.

മേൽ പ്രകാരം വിദ്യാർത്ഥികളിൽ നിന്നും സ്വരൂപിച്ച തുകകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **School Athletic Fund** അക്കൗണ്ടിലേക്ക് **(Account no. 38024685190, SBI Jagathy, IFSC : SBIN0070568) SBI collect** വഴി **2025 ആഗസ്റ്റ് 15** - ന് മുമ്പായി അടയ്ക്കുവാൻ എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും അടിയന്തര നിർദ്ദേശം നൽകേണ്ടതാണ്.

സ്കൂളുകൾക്ക് Athletic Fund അടയ്ക്കുന്നതിനായി **SBI collect** **https://www.onlinesbi.sbi/sbicollect/icollecthome.htm?corpID=922648** എന്ന ഓൺലൈൻ പോർട്ടൽ **ഉപയോഗിക്കാവുന്നതാണ്. (ഓൺലൈൻ പോർട്ടലിന്റെ ലിങ്ക് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിലും ലഭ്യമാണ്) ടി ഓൺലൈൻ ലിങ്ക് വഴി സ്കൂളിന്റെ പേര്, സ്കൂൾ കോഡ് തുടങ്ങിയ വിവരങ്ങൾ എന്റർ ചെയ്ത് ചെലാൻ ജനറേറ്റ് ചെയ്ത് തുക അടയ്ക്കാവുന്നതാണ്.** എസ്.ബി.ഐ. യുടെ ഏത് ശാഖ വഴിയും, നെറ്റ് ബാങ്കിംഗ്, **Debit Card, UPI** ആപ്പുകൾ മുതലായ സംവിധാനങ്ങൾ വഴിയും തുക അടയ്ക്കാവുന്നതാണ്. ഇപ്രകാരമല്ലാത്ത ഇടപാടുകളിലൂടെ തുക സ്വീകരിക്കുന്നതല്ല എന്നു കൂടി അറിയിക്കുന്നു. (പണമടക്കേണ്ട ലിങ്ക് **https://sports.kite.kerala.gov.in** എന്ന വെബ് സൈറ്റിലും ലഭ്യമാണ്).

**SBI collect** - ൽ നിന്നും ലഭിക്കുന്ന പണം അടച്ച രസീത് അതാത് സ്കൂളുകളിൽ തന്നെ സൂക്ഷിക്കേണ്ടതും, ഒരു കോപ്പി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ റിജിയണൽ ഡെപ്യൂട്ടി ഡയറക്ടർ / അസിസ്റ്റന്റ് ഡയറക്ടർ മാരെ ഏൽപ്പിക്കേണ്ടതും, ആഡിറ്റ് ഓഫീസർമാർ ആവശ്യപ്പെടുമ്പോൾ പ്രസ്തുത രസീത് സമർപ്പിക്കേണ്ടതുമാണ്.

Signed by
Shanavas S
Date: 28-07-2025 15:11:22

പൊതുവിദ്യാഭ്യാസ ഡയറക്ടർ

**സ്വീകർത്താവ്:**

1. **ജോയിന്റ് ഡയറക്ടർ, ഹയർസെക്കൻഡറി വിഭാഗം (എല്ലാ സ്കൂളുകളിലും സർക്കുലർ ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ അത്ലറ്റിക് ഫണ്ടിൽ പണമടച്ചിരിക്കുന്നത് കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചാണോ എന്നും, തങ്ങളുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളുകളും അത്ലറ്റിക് ഫണ്ട് അടച്ചിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിനുള്ള നിർദ്ദേശം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകേണ്ടതുമാണ്.)**
2. **എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും. (എല്ലാ സ്കൂളുകളിലും സർക്കുലർ**

ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്).

3. ഡെപ്യൂട്ടി ഡയറക്ടർ, വോക്കേഷണൽ ഹയർസെക്കൻഡറി വിഭാഗം (എല്ലാ സ്കൂളുകളിലും സർക്കുലർ ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ അത്ലറ്റിക് ഫണ്ടിൽ പണമടച്ചിരിക്കുന്നത് കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചാണോ എന്നും, തങ്ങളുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളുകളും അത്ലറ്റിക് ഫണ്ട് അടച്ചിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിനുള്ള നിർദ്ദേശം അസിസ്റ്റന്റ് ഡയറക്ടർമാർക്ക് നൽകേണ്ടതുമാണ്.)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും. (താങ്കളുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകൾ കൃത്യമായി **Athletic Fund** അടയ്ക്കുന്നുണ്ടോ എന്നും, അടച്ച രസീതിന്റെ പകർപ്പ് സ്കൂൾ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസിൽ നിന്നും വാങ്ങി ഈ സർക്കുലറിൽ പറയും പ്രകാരം കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് തുക അടച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, ആയത് ജില്ലാവിദ്യാഭ്യാസ ആഫീസർമാർ കൈവശം സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന മുറയ്ക്ക് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്)
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.